**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നം.**2111** **11-06-2018** ൽ മറുപടിയ്ക്ക്

## അടിവാരത്ത് ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോർജ് എം.തോമസ്** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) തിരുവമ്പാടി മണ്ഡലത്തിലെ അടിവാരത്ത് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിനുള്ള നിർദ്ദേശം സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;<br><br>ബി) അടിവാരത്ത് ഫയർ സ്റ്റേഷൻ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | **(എ) & (ബി)**<br>തിരുവമ്പാടി മണ്ഡലത്തിലെ പുതുപ്പാടിയിൽ ഒരു ഫയർ & റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി സാധ്യതാപഠനം നടത്തിയിട്ടുണ്ട്. പുതുപ്പാടിയിൽ ഫയർ സ്റ്റേഷന് സ്ഥിരം സംവിധാനം ഒരുക്കുന്നതിന് പഞ്ചായത്ത് കൈതപ്പൊയിലിൽ കണ്ടെത്തിയ പുറമ്പോക്ക് സ്ഥലമോ, 9-ാം വാർഡിലെ പൊതുമരാമത്ത് വകുപ്പ് പുറമ്പോക്ക് സ്ഥലമോ ലഭ്യമാക്കുന്നതിന് ഗ്രാമ പഞ്ചായത്ത് അധികൃതർ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ടി ഫയർ സ്റ്റേഷന് താൽക്കാലികമായി നിലയം സ്ഥാപിക്കുന്നതിന് പഞ്ചായത്ത് നിർദ്ദേശിച്ച അടിവാരം പഞ്ചായത്ത് ബസ് സ്റ്റാന്റ് കെട്ടിടത്തിൽ ഓഫീസ് റൂം പ്രവർത്തിക്കുവാൻ മാത്രമാണ് സ്ഥലമുള്ളതെന്നും, ഗ്യാരേജ്, വാച്ച് റൂം, വിശ്രമമുറി, ബാത്ത് റൂം, സ്റ്റോർ റൂം എന്നിവയ്ക്ക് സൗകര്യമില്ലായെന്നും പ്രസ്തുത സൗകര്യങ്ങൾ പഞ്ചായത്ത് അധികൃതർ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ നിലവിൽ സൗകര്യങ്ങൾ ഒന്നും ഒരുക്കിയിട്ടില്ല. സ്ഥലവും കെട്ടിടവും ലഭിക്കുന്ന മുറക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ